# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1980 – 22.03.2012 – ലെ മറുപടിക്ക്

**കേരള സ്വയം സംരംഭക വികസന മിഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | കേരള സ്വയം സംരംഭക വികസന മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; | കേരള സംസ്ഥാനത്തെ യുവതീ യുവാക്കൾക്കിടയിൽ, സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനും അതുവഴി കേരളത്തിലെ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനും വേണ്ടി കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് ' കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ'. ആത്മാർത്ഥതയും മികച്ച ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും, അവർക്ക് ആവശ്യമായ പരിശീലനം നൽകി, സംരംഭങ്ങൾ തുടങ്ങുന്നതിന് ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ ബാങ്കുകളിലൂടെയും, ധനകാര്യസ്ഥാപനങ്ങളിലൂടെയും സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം ലഭ്യമാക്കുന്ന വായ്പയുടെ പലിശ സർക്കാരാകും വഹിക്കുന്നത്.<br>50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് 'കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ'.<br>കേരള സർക്കാരിന്റെ 8.12.2011–ലെ ജി.ഒ.(എം.എസ്) 590/11/Fin. നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്.<br>കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ ബാച്ചിലേയ്ക്കുള്ള രജിസ്ട്രേഷൻ നടത്തുകയും ഏറ്റവും നല്ല സംരംഭകരെ തെരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇവർക്കുള്ള പരിശീലനം ഇപ്പോൾ നടന്നുവരികയാണ്.<br>ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വ്യാവസായിക മേഖലകളിലും കൈവരിക്കുവാൻ ഈ മിഷനിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | |
|---|---|---|
| (ബി) | ഏതെല്ലാം മേഖലകളിലാണ് സ്വയംസംരംഭക യൂണിറ്റുകൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ഈ സംരംഭങ്ങളെല്ലാം വ്യവസായ മേഖലകൾക്ക് ഊന്നൽ നൽകിയായിരിക്കും ആവിഷ്ക്കരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ധനസമാഹരണം നടത്തുന്നതെങ്ങനെയെന്ന് വിശദമാക്കുമോ? | പ്രതിവർഷം 400 കോടി രൂപയാണ് പലിശ രഹിത വായ്പയായി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി ബാങ്കുകളുടെ സംസ്ഥാനതല സമിതി (എസ്.എൽ.ബി.സി.) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എസ്.എൽ.ബി.സി. സബ് കമ്മിറ്റിയുടെ 23.02.2012-ൽ നടന്ന യോഗത്തിൽ ഈ പദ്ധതി അവതരിപ്പിയ്ക്കുകയുണ്ടായി. സബ് കമ്മിറ്റിയുടെ ശുപാർശ എസ്.എൽ.ബി.സി.യുടെ അടുത്ത യോഗത്തിൽ അംഗീകരിക്കാനാണ് സാദ്ധ്യത. എസ്.എൽ.ബി.സി. അംഗീകരിച്ചാൽ, സംസ്ഥാനത്തെ വിവിധ ബാങ്കുകൾ വഴി ഈ പദ്ധതി പ്രകാരമുള്ള വായ്പ ലഭ്യമാക്കാനാകും. ഇപ്രകാരം ലഭ്യമാക്കുന്ന വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**